**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2618** **17-03-2022 - ൽ മറുപടിയ്ക്ക്**

**കൈത്തറി - ഖാദി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ കൈത്തറി-ഖാദി എന്നിവയുടെ വ്യാപനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദമാക്കാമോ; | (എ) | കേരളത്തിലെ പ്രധാന പരമ്പരാഗത തൊഴിൽ മേഖലകളായ കൈത്തറി-ഖാദി മേഖലകളുടെ വ്യാപനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. കോവിഡ് - 19 വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ കൈത്തറി/ഖാദി മേഖലയെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി, എല്ലാ സർക്കാർ / അർദ്ധ സർക്കാർ / അധ്യാപകർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ 2022 പുതുവർഷാരംഭം മുതൽ എല്ലാ ബുധനാഴ്ചകളിലും കൈത്തറി / ഖാദി വസ്ത്രങ്ങൾ ധരിക്കണമെന്നും 07.12.2020ലെ സി.ഡി.എൻ 2/97/2020 /പൊഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് ആവശ്യമുള്ള കൈത്തറി / ഖാദി തുണിത്തരങ്ങൾ വാങ്ങണമെന്നും 11.01.2022ലെ സി.ഡി.എൻ2/1/ 2022/പൊഭവ സർക്കുലർ പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. അതിന്റെ ഫലമായി, കൈത്തറി ഖാദി ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ഉണർവുണ്ടാക്കുന്നതിനും വിപണി മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. കൈത്തറി മേഖല 1)കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി 2016-2017 മുതൽ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1-7വരെയും എയ്ഡഡ് സ്കൂളിലെ 1-4വരെയും ഉള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി കൈത്തറി യൂണിഫോം തുണി നൽകുന്ന പദ്ധതിയാണിത്. 2)യുവവീവ് കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽ രഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയാണിത്. 3)അംശദാനമിതവ്യയ ഫണ്ട് (Contributory Thrift Fund) കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും |

ക്ഷേമത്തിനും പ്രോത്സാഹനത്തിനും വേണ്ടിയുള്ള പദ്ധതിയാണിത്. 4) ഒരു വീട്ടിൽ ഒരു തറി പദ്ധതി കേരളത്തിൽ ജനിച്ചതും 18നും 55നും ഇടയിൽ പ്രായമുള്ളവരും സ്വന്തമായി തറി ഇല്ലാത്തതുമായ കൈത്തറി നെയ്ത്തുകാർക്ക് വീടിനോടു ചേർന്നുള്ള പണിപ്പുരയിലോ സംഘം വർക്ക്ഷെഡിലോ തറി സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയാണിത്. 5) നാട്ടുകാണി ടെക്സ്റ്റൈൽസ് ഡൈയിംഗ് ആന്റ് പ്രിന്റിംഗ് സെന്റർ സ്ഥാപിക്കൽ കൈത്തറി മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ ഡൈയിംഗ്, പ്രിന്റിംഗ്, ഫിനിഷിംഗ് മുതലായ പ്രോസസ്സിംഗിനുള്ള സൗകര്യം കേരളത്തിൽ തന്നെ ഒരുക്കുക എന്ന ലക്ഷ്യത്തോടെ അത്യാധുനിക സംവിധാന ത്തിൽ പ്രവർത്തിക്കുന്ന ഒരു ഡൈയിംഗ് ആന്റ് പ്രിന്റിംഗ് യൂണിറ്റ് കണ്ണൂരിലെ നാട്ടുകാണിയിലെ കിൻഫ്ര ടെക്സ്റ്റൈൽ പാർക്കിലെ 8.43 ഏക്കർ സ്ഥലത്ത് 25.56 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്നതിനായുള്ള പദ്ധതിയാണിത്. 6)സംസ്ഥാന കൈത്തറി റിബേറ്റ് പദ്ധതി കൈത്തറി തുണിത്തരങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രധാന പദ്ധതിയാണിത്. ഖാദി മേഖല ഖാദി മേഖലയുടെ ശാക്തീകരണത്തിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 1) ഉല്പാദന കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ 2) തൊഴിലാളികൾക്കുള്ള മിനിമം കൂലി പരിഷ്ക്കരിക്കുവാനുള്ള നടപടികൾ 3) ഉത്സവബത്ത 1750 രൂപയാക്കി വർദ്ധിപ്പിച്ചത്. 4) ഉല്പാദന ഇൻസെന്റീവ് ഇരട്ടിയാക്കി വർദ്ധിപ്പിച്ചത്. (നൂലിന് 1 കഴിക്ക് 60 പൈസയും നെയ്ത്തിന് 1കഴിക്ക് 1.80 രൂപയും) 5) ഇ.എസ്.ഐ/ക്ഷേമനിധി ആനുകൂല്യങ്ങൾ 6) അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ 7) കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക്ഷെഡ് പദ്ധതി 8)തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം 9) ഖാദി മേഖലയിൽ പുതുതായി തൊഴിലവസ രങ്ങൾ സൃഷ്ടിക്കുന്നതിലേക്കായുള്ള "ഖാദി ഗ്രാമം" പദ്ധതി 10) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കു പകരം പുതിയ യന്ത്ര

| | | | |
|---|---|---|---|
| | | | സാമഗ്രികൾ ലഭ്യമാക്കൽ 11) ഖാദിയിലെ വൈവിദ്ധ്യവൽക്കരണം 12) ചെറുകിട ഖാദി വ്യവസായ സംരംഭങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിന്റെ ഭാഗമായുള്ള സംസ്ഥാന സർക്കാരിന്റെ "എന്റെ ഗ്രാമം പദ്ധതി". |
| (ബി) | ഈ മേഖലയിൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | കൈത്തറി-ഖാദി മേഖലകളിൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൈത്തറി മേഖല കൈത്തറി മേഖലയിൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി നിയമിക്കപ്പെട്ട പ്രൊഫഷണൽ ഡിസൈനർമാർ തുണിത്തരങ്ങളിൽ ഡിസൈൻ ചെയ്തു വാല്യൂ അഡിഷൻ നടത്തുകയും വിവിധങ്ങളായ തുണിത്തരങ്ങൾ, റെഡി മേയ്ഡ് തുണിത്തരങ്ങൾ എന്നിവയുടെ ഡിസൈൻ, ഹോം ഫർണിഷിങ്, ഷോൾഡർ ബാഗ് മുതലായവയുടെ നിർമ്മാണം എന്നിവ യിലും ശ്രദ്ധിക്കുകയും സാരിയിൽ ഹാൻഡ് പെയിന്റിംഗ്, എംബ്രോയിഡറി, ബ്ലോക്ക് പ്രിന്റ്, ചുരിദാർ എംബ്രോയിഡറി തുടങ്ങി വിവിധങ്ങളായ ജോലികൾ നടത്തി വരികയും ചെയ്യുന്നു. കൂടാതെ, ഓർഗാനിക് കോട്ടൺ പദ്ധതി പ്രകാരം ഓർഗാനിക് കോട്ടൺ നൂല്, ഓർഗാനിക് ചായം എന്നിവ ഉപയോഗിച്ച് കൈത്തറിയിൽ വസ്തുങ്ങളുടെ ഉത്പാദനം നടത്തുന്നതിന് നെയ്ത്തുകാർക്കു പരിശീലനം നൽകുകയും അതുവഴി കൈത്തറി മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചു വരികയും ചെയ്യുന്നു. ഖാദി മേഖല ഖാദി മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ ആധുനിക രീതിയിലുള്ള തേൻ സംസ്കരണ യൂണിറ്റ് കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി യിൽ സ്ഥാപിച്ചു. കിഴക്കമ്പലത്ത് സോപ്പു പൊടി നിർമ്മാണ / ബ്രാന്റിംഗ് യൂണിറ്റും ബിഫെഡറേഷനിൽ (Bee Federation) ഗ്രേഡഡ് ഹണി ഉല്പാദനവും ആരംഭിച്ചു. |
| (സി) | മൂല്യ വർദ്ധിത കൈത്തറി ഉല്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ? | (സി) | സംസ്ഥാന സർക്കാരിന്റെ വ്യവസായ വകുപ്പിന് കീഴിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (IIHT), വീവേഴ്സ് സർവ്വീസ് സെന്റർ (WSC), ഹാൻവീവ്, ഹാന്റക്സ് എന്നിവരുടെ സഹകരണത്തോടു കൂടി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മൂല്യ വർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ് പദ്ധതി. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കൈത്തറി ഉൽപ്പന്നങ്ങളെ ദേശീയ - അന്തർദേശീയ തലത്തിൽ ബ്രാൻഡ് ചെയ്യുക, കൂടുതൽ മെച്ചപ്പെട്ട വിപണി |

| | | | |
|---|---|---|---|
| | | | സാധ്യതകൾ കണ്ടെത്തുക, നൂതന ഡിസൈൻ ആശയങ്ങൾ കൈത്തറിയിൽ കൊണ്ടുവരിക, അതുവഴി കേരള കൈത്തറി മേഖലയെ മൊത്തത്തിൽ പുനരുജ്ജീവിപ്പിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. കേരള കൈത്തറിയ്ക്ക് ഒരു സവിശേഷ മുദ്ര (Kerala Handloom Mark), രൂപകൽപ്പന ചെയ്തിട്ടുണ്ട്. കേരള കൈത്തറിയുടെ തനിമയും പെരുമയും ലോകമെങ്ങും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 07.12.2021ൽ ബഹു.മുഖ്യമന്ത്രി കൈത്തറി മുദ്ര പ്രകാശനം ചെയ്തു. കേരള കൈത്തറിയുടെ ഗുണമേന്മ ഉറപ്പാക്കി കൊണ്ട് കൈത്തറി ഉല്പന്നങ്ങൾക്ക് കേരള കൈത്തറി മുദ്ര അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ